**കേരള എക്സൈസ് വകുപ്പ്**
**'മാതൃഭാഷ-മലയാളം'**

എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം,
തീയതി: 20/09/2021
ഇ-മെയിൽ : ecoffice.exc@kerala.gov.in
ഫോൺ:0471-2332632

**സർക്കുലർ നം-EXC31/2021/EXCISE**

വിഷയം: എക്സൈസ് എൻഫോഴ്സ്മെന്റ് - മയക്കമരുന്നുകൾ /വാഹനങ്ങൾ ഡിസ്പോസ് ചെയ്യുന്നത് - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു .

സൂചന:
1.16.01.2015-ലെ കേന്ദ്ര സർക്കാരിന്റെ No. GSR 38(E) നോട്ടിഫിക്കേഷൻ.
2.GO(Ms) No. 76/2016/TD, Dated. 22.07.2016.
3.GO(Ms) No. 56/2019/TD, Dated. 22.10.2019.
4.ബഹു. സുപ്രീം കോടതിയുടെ 28.01.2016-ലെ സി.ആർ. അപ്പീൽ 652/2012-ലെ വിധിന്യായം.

എൻ.ഡി.പി.എസ്. കേസ്സുകളിൽ ഉൾപ്പെട്ട നാർകോട്ടിക് ഡ്രഗ്സ് , സൈക്കോട്രോപ്പിക് സബ്സ്റ്റൻസസ്, കൺട്രോൾഡ് സബ്സ്റ്റൻസസ്, കൺവെയിൻസ് എന്നിവ ഡിസ്പോസ് ചെയ്യേണ്ട രീതി നിർണ്ണയിച്ചുകൊണ്ടും അപ്രകാരം ഡിസ്പോസ് ചെയ്യുമ്പോൾ പാലിക്കേണ്ട നടപടിക്രമം സംബന്ധിച്ചും കേന്ദ്ര സർക്കാർ സൂചന (1) പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. സംസ്ഥാനത്തെ ഡ്രഗ്സ് ഡിസ്പോസൽ കമ്മിറ്റി സംഘടിപ്പിച്ചുകൊണ്ട് സൂചന (2) ഉം (3) ഉം പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്. നാർകോട്ടിക് ഡ്രഗ്സ്, സൈക്കോട്രോപ്പിക് സബ്സ്റ്റൻസസ്, കൺട്രോൾഡ് സബ്സ്റ്റൻസസ്, വാഹനങ്ങൾ എന്നിവയുടെ ഡിസ്പോസൽ സംബന്ധിച്ച് സൂചന (4) വിധിന്യായത്തിൽ ബഹു. സുപ്രീംകോടതി മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാണ്.

പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ നാർകോട്ടിക് ഡ്രഗ്സ് , സൈക്കോട്രോപ്പിക് സബ്സ്റ്റൻസസ്, കൺട്രോൾഡ് സബ്സ്റ്റൻസസ്, വാഹനങ്ങൾ എന്നിവ ഡിസ്പോസ് ചെയ്യുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്

**1).** 1989, മെയ് 29-ാം തീയതിയ്ക്ക് മുമ്പ് വിചാരണ പൂർത്തിയായതും അപ്പീൽ / റിവിഷൻ എന്നിവയിലെ നടപടിക്രമങ്ങൾ അന്തിമമായി പൂർത്തീകരിച്ചതുമായ കേസ്സുകളിൽ സംസ്ഥാനത്തിന്റെയോ, കേന്ദ്ര ഏജൻസികളുടെയോ കീഴിലുള്ള

ബന്ധപ്പെട്ട ഡിസ്പോസൽ കമ്മിറ്റികൾ പിടിച്ചെടുത്ത വസ്തുക്കളുടെ സ്റ്റോക്ക് എടുക്കേണ്ടതും കൂടുതൽ പരിശോധനകളോ, പരീക്ഷണങ്ങളോ, കൂടാതെ ഡിസ്പോസ് ചെയ്യുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് എക്സൈസ് കമ്മീഷണർക്ക് നൽകേണ്ടതുമാണ്. തുടർന്ന് എക്സൈസ് കമ്മീഷണറുടെ നിർദ്ദേശ പ്രകാരം ടി മയക്കുമരുന്നുകൾ , വാഹനങ്ങൾ എന്നിവ ഡിസ്പോസ് ചെയ്യേണ്ടതാണ്

2) 1989 മെയ് മാസത്തിനു ശേഷം പിടിച്ച മയക്കുമരുന്നു കേസ്സുകളിൽ , അതുമായി ബന്ധപ്പെട്ട വിചാരണ, അപ്പീൽ, റിവിഷൻ എന്നിവ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ, Standing Order No. 1/89 ലെ ഖണ്ഡിക 5.5-ൽ നിഷ്കർഷിച്ചിട്ടുള്ള പരിശോധന ഒഴിവാക്കി ഡ്രഗ്സ് ഡിസ്പോസൽ കമ്മിറ്റികൾ നാർകോട്ടിക് ഡ്രഗ്സ്, സൈക്കോട്രോപ്പിക് സബ്സ്റ്റൻസസ്, കൺട്രോൾഡ് സബ്സ്റ്റൻസസ്, വാഹനങ്ങൾ എന്നിവയുടെ കണക്കെടുക്കേണ്ടതും അതിനു ശേഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ ഇത്തരം സ്റ്റോക്കുകൾ ഡിസ്പോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

3). ബഹു. സുപ്രീം കോടതി, അപ്പലേറ്റ് കോടതി, വിചാരണ കോടതി തലത്തിൽ നിലവിൽ പരിഗണനയിലുള്ള കേസ്സുകളിൽ ബന്ധപ്പെട്ട വകുപ്പുതലവൻമാർ , 16.01.2015-ലെ വിജ്ഞാപന പ്രകാരം അധികാരപ്പെട്ട ഉദ്യോഗസ്ഥർ ഡ്രഗ്സ് ഡിസ്പോസൽ കമ്മിറ്റികൾ മുമ്പാകെ ഉചിതമായ അപേക്ഷകൾ സമർപ്പിക്കുന്നുണ്ടെന്നും, നാർക്കോട്ടിക് ഡ്രഗ്സ്, സൈക്കോട്രോപ്പിക് സബ്സ്റ്റൻസസ്, കൺട്രോൾഡ് സബ്സ്റ്റൻസസ്, വാഹനങ്ങൾ എന്നിവ കാലതാമസം കൂടാതെ ഡിസ്പോസ് ചെയ്യുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും ഉറപ്പു വരുത്തേണ്ടതുമാണ്.

സ്മോൾ ക്വാണ്ടിറ്റി ഉൾപ്പെടെയുള്ള കേസ്സുകളിലും, എൻ.ഡി.പി.എസ്. ആക്ടിലെ 52A-ൽ നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതും , ബന്ധപ്പെട്ട മജിസ്ട്രേറ്റ് കോടതി മുമ്പാകെ ഇൻവെന്ററി സർട്ടിഫൈ ചെയ്യുന്നതിനുള്ള അപേക്ഷ സമർപ്പിച്ച് വാഹനങ്ങൾ ഉൾപ്പെടെയുള്ള തൊണ്ടിവസ്തുക്കൾ ഡിസ്പോസ് ചെയ്യുന്നതിനുവേണ്ടി സൂചന (1) പ്രകാരമുള്ള വിജ്ഞാപനത്തിലെ നടപടി ക്രമങ്ങൾ പാലിക്കേണ്ടതുമാണ്.

1985-ലെ എൻ .ഡി.പി.എസ്. ആക്ടിലെ 53-ാം വകുപ്പ് അനുസരിച്ച് അധികാരപ്പെട്ട ഉദ്യോഗസ്ഥർ നാർക്കോട്ടിക് ഡ്രഗ്സ് , സൈക്കോട്രോപ്പിക് സബ്സ്റ്റൻസസ്, കൺട്രോൾഡ് സബ്സ്റ്റൻസസ്, വാഹനങ്ങൾ എന്നിവ ഡിസ്പോസ് ചെയ്യുമ്പോൾ മേൽ നിർദ്ദേശം കർശനമായി പാലിക്കേണ്ടതാണ്.

S. AANANTHAKRISHNAN IPS
Signature valid
Digitally signed by Aananthakrishnan S
Date: 2021.09.20 17:33:53 IST
Reason: Approved
എക്സൈസ് കമ്മീഷണർ

പകർപ്പ്

1. അഡീഷണൽ എക്സൈസ് കമ്മീഷണറുടെ (ഭരണം)
2. അഡീഷണൽ എക്സൈസ് കമ്മീഷണറുടെ (എൻഫോഴ്സ്മെന്റ്)
3. എക്സൈസ് വിജിലൻസ് ഓഫീസർ.
4. എല്ലാ ജോയിന്റ് എക്സൈസ് കമ്മീഷണർമാർക്കും
5. എല്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്കും
6. എല്ലാ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാർക്കും
7. എല്ലാ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർമാർക്കും.
8. എല്ലാ എക്സൈസ് ഇൻസ്പെക്ടർമാർക്കും.
9. എക്സൈസ് കമ്മീഷണറുടെ സി.എ. യ്ക്ക്
10. ഓഫീസ് ഫയൽ / സ്റ്റോക്ക് ഫയൽ

N.B: സൂചന (4)-ൽ പരാമർശിച്ചിട്ടുള്ള ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിയുടെ പ്രസക്തഭാഗം ഇതോടൊപ്പം ഉൾക്കൊള്ളിച്ചിരിക്കുന്നു.

No. 1/89 to have been superseded. In order to avoid any confusion arising out of the continued presence of two notifications on the same subject we make it clear that disposal of Narcotic Drugs and Psychotropic and controlled Substances and Conveyances shall be carried out in the following manner till such time the Government prescribes a different procedure for the same:

(1) Cases where the trial is concluded and proceedings in appeal/revision have all concluded finally:

In cases that stood finally concluded at the trial, appeal, revision and further appeals, if any, before 29th May, 1989 the continued storage of drugs and Narcotic Drugs and Psychotropic and controlled Substances and Conveyances is of no consequence not only because of the considerable lapse of time since the conclusion of the proceedings but also because the process of certification and disposal after verification and testing may be an idle formality. We say so because even if upon verification and further testing of the seized contraband in such already concluded cases it is found that the same is either replaced, stolen or pilferaged,

it will be difficult if not impossible to fix the responsibility for such theft, replacement or pilferage at this distant point in time. That apart, the storage facility available with the States, in whatever satisfactory or unsatisfactory conditions the same exist, are reported to be over-flowing with seized contraband goods. It would, therefore, be just and proper to direct that the Drugs Disposal Committees of the States and the Central agencies shall take stock of all such seized contrabands and take steps for their disposal without any further verification, testing or sampling whatsoever. The concerned heads of the Department shall personally supervise the process of destruction of drugs so identified for disposal. To the extent the seized Drugs and Narcotic Substances continue to choke the storage facilities and tempt the unscrupulous to indulge in pilferage and theft for sale or circulation in the market, the disposal of the stocks will reduce the hazards that go with their continued storage and availability in the market.

(2) Drugs that are seized after May, 1989 and where the trial and appeal and revision have also been finally disposed of:

In this category of cases while the seizure may have taken place after the introduction of Section 52A in the Statute book the non-disposal of the drugs over a long period of time would also make it difficult to identify individuals who are responsible for pilferage, theft, replacement or such other mischief in connection with such seized contraband. The requirement of para 5.5 of standing order No. 1/89 for such drugs to be disposed of after getting the same tested will also be an exercise in futility and impractical at this distant point in time. Since the trials stand concluded and so also the proceedings in appeal, Revision etc. insistence upon sending the sample from such drugs for testing before the same are disposed of will be a fruitless exercise which can be dispensed with having regard to the totality of the circumstances and the conditions prevalent in the maalkhanas and the so called godowns and storage facilities. The DDCs shall accordingly take stock of all such Narcotic

71

Drugs and Psychotropic and controlled Substances and Conveyances in relation to which the trial of the accused persons has finally concluded and the proceedings have attained finality at all levels in the judicial hierarchy. The DDCs shall then take steps to have such stock also destroyed under the direct supervision of the head of the Department concerned.

(3) cases in which the proceedings are still pending before the Courts at the level of trial court, appellate court or before the Supreme Court:

In such cases the heads of the Department concerned shall ensure that appropriate applications are moved by the officers competent to do so under Notification dated 16th January, 2015 before the Drugs Disposal Committees concerned and steps for disposal of such Narcotic Drugs and Psychotropic and controlled Substances and Conveyances taken without any further loss of time.

20. To sum up we direct as under: